**നം.11254/ഇ1/2017/കെ.എസ്.എച്ച്.ഒ** **15/06/2020**

# സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ (കുടുംബശ്രീ) – ഡെപ്യൂട്ടേഷൻ നിയമനങ്ങൾ

സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ (കുടുംബശ്രീ) **സംസ്ഥാന മിഷൻ ഓഫീസിൽ പ്രോഗ്രാം ഓഫീസർ/ചീഫ് ഓപ്പറേറ്റിംഗ് ഓഫീസർ** തസ്തികകളിലെ ഒഴിവ് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നികത്തുന്നതിന് യോഗ്യരായ സംസ്ഥാന സർക്കാർ/ അർദ്ധസർക്കാർ ജീവനക്കാരിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുന്നു. യോഗ്യതയുള്ള ജീവനക്കാർ കെഎസ്ആർ ചട്ടങ്ങൾ പ്രകാരം എൻ.ഒ.സി സഹിതം അപേക്ഷിക്കേണ്ടതാണ്.

**തസ്തിക : പ്രോഗ്രാം ഓഫീസർ / ചീഫ് ഓപ്പറേറ്റിംഗ് ഓഫീസർ (കുടുംബശ്രീ സംസ്ഥാന മിഷൻ)**

ഒഴിവ് : 4 (നിലവിൽ) – ഒഴിവുകളുടെ എണ്ണത്തിൽ മാറ്റമുണ്ടായേക്കാം.

**ശമ്പള സ്കെയിൽ** : 42500 – 87000 (പുതുക്കിയത്)

**യോഗ്യത :**

കുടുംബശ്രീയുടെ പ്രോഗ്രാം ഓഫീസർ / ചീഫ് ഓപ്പറേറ്റിംഗ് ഓഫീസർമാരിലൂടെയാണ് കുടുംബശ്രീയുടെ ഓരോ പദ്ധതികളും ആസൂത്രണം ചെയ്യുന്നതും, നടപ്പിലാക്കുന്നതും, വിലയിരുത്തുന്നതും. ടീമിനു വേണ്ട നേതൃത്വം നൽകുന്നതും, സംസ്ഥാനതലത്തിൽ നയപരമായ തീരുമാനങ്ങൾ കൈക്കൊള്ളുന്നതും പ്രോഗ്രാം ഓഫീസർ / ചീഫ് ഓപ്പറേറ്റിംഗ് ഓഫീസർമാരാണ്. ആയതിനാൽത്തന്നെ ഈ തസ്തികകൾ കുടുംബശ്രീയുടെ സുപ്രധാന തസ്തികകളാണ്. ഇക്കാരണങ്ങളാൽ, ചുവടെ ചേർക്കുന്ന യോഗ്യതകൾ ഉള്ള ജീവനക്കാരിൽ നിന്നുള്ള അപേക്ഷകളാണ് കുടുംബശ്രീ ടി തസ്തികകളിലേയ്ക്ക് പ്രതീക്ഷിക്കുന്നത്.

- നേതൃത്വപാടവവും, സമയബന്ധിതമായി പ്രവർത്തനങ്ങൾ നിർവ്വഹിക്കാനുള്ള കഴിവും, നയങ്ങൾ രൂപീകരിക്കാനുള്ള കഴിവും, ടീമിനെ പ്രചോദിപ്പിക്കാനും, ടീമിനെ നയിക്കാനും കഴിവുള്ള വ്യക്തിയായിരിക്കണം.

- ദാരിദ്ര്യ ലഘൂകരണം, സാമൂഹ്യവികസനം, സംഘടനാ ശാക്തീകരണം, പ്രാദേശിക സാമ്പത്തിക വികസനം, നഗരദാരിദ്ര്യ ലഘൂകരണം, സ്ത്രീശാക്തീകരണം, സ്കിൽ ട്രെയിനിംഗ് തുടങ്ങിയ വിവിധ വികസന പ്രവർത്തനങ്ങളാണ് കുടുംബശ്രീ നടത്തുന്നത്. ഈ മേഖലകളിൽ പരിചയമുള്ളവർക്ക് മുൻഗണന. ഓരോ തസ്തികയിലും യോഗ്യരായ ആളുകളെയാണ് പ്രതീക്ഷിക്കുന്നത്.
- അംഗീകൃത യൂണിവേഴ്സിറ്റിയിൽ നിന്നുള്ള ബിരുദം ഉള്ളവരായിരിക്കണം. ബിരുദാനന്തര ബിരുദം അഭിലഷണീയം.
- സർക്കാർ /അർദ്ധസർക്കാർ/കേന്ദ്രസർക്കാർ സർവ്വീസിലോ, പ്രമുഖ എൻ.ജി.ഒ.കളിലോ മേൽ വിവരിച്ച മേഖലകളിൽ പ്രവർത്തിച്ച് ചുരുങ്ങിയത് 10 വർഷത്തെ പ്രവൃത്തിപരിചയം ഉണ്ടാകണം. നിലവിൽ സർക്കാർ സർവ്വീസിൽ സേവനമനുഷ്ഠിക്കുന്നവരായിരിക്കണം.
- കംപ്യൂട്ടറിൽ പ്രായോഗിക പരിജ്ഞാനം ഉണ്ടായിരിക്കണം. ഇംഗ്ലീഷിൽ അവതരണം നടത്താനും, മികച്ച ഡ്രാഫ്റ്റിംഗ് നടത്താനുമുള്ള സ്കിൽ വേണം.

**നിയമനരീതി**

- നിശ്ചിത യോഗ്യതയുള്ളവർ സർക്കാർ നിഷ്കർഷിച്ചിട്ടുള്ള ഫോർമാറ്റിൽ അപേക്ഷയും, വകുപ്പിൽ നിന്നുള്ള നിരാക്ഷേപപത്രവും സമയബന്ധിതമായി സമർപ്പിക്കണം.
- അപേക്ഷ സമർപ്പിക്കുന്ന ഉദ്യോഗാർത്ഥികൾ, രണ്ടു ദിവസം തങ്ങൾ ജോലിചെയ്യുന്നതോ, തങ്ങളുടെ സ്വന്തം തദ്ദേശഭരണ സ്ഥാപനങ്ങളിലുള്ളതോ അല്ലാത്ത ഒരു സി.ഡി.എസ് തെരഞ്ഞെടുത്ത്, അയൽക്കൂട്ട-എ.ഡി.എസ്-സി.ഡി.എസ് തല പ്രവർത്തനങ്ങൾ പഠിക്കുകയും, ഇതോടൊപ്പം, പഠനം നടത്തിയ സി.ഡി.എസ് സ്ഥിതിചെയ്യുന്ന ജില്ലയിലെ കുടുംബശ്രീ ജില്ലാ മിഷൻ സന്ദർശിച്ച് അവിടത്തെ പ്രവർത്തനങ്ങളും പഠിക്കേണ്ടതാണ്. തുടർന്ന്, ഇതു സംബന്ധിച്ച് 10 പേജിൽ കവിയാത്ത ഒരു റിപ്പോർട്ട് തയ്യാറാക്കി എഴുത്തുപരീക്ഷയ്ക്ക് എത്തുമ്പോൾ കൈയ്യിൽ കരുതേണ്ടതുമാണ്.

- എഴുത്തു പരീക്ഷ, ഇന്റർവ്യൂ എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കും ഡെപ്യൂട്ടേഷൻ നിയമനത്തിനായി ശുപാർശ ചെയ്യുക.
- അഭിമുഖത്തിന് ഹാജരാകുമ്പോൾ ഉദ്യോഗാർത്ഥി, കുടുംബശ്രീയിലൂടെ നടപ്പിലാക്കാൻ കഴിയുന്ന നൂതനമായ ഒരാശയം / പദ്ധതി സംബന്ധിച്ച ബഡ്ജറ്റ് സഹിതമുള്ള, 5 മിനിട്ടിൽ അധികം സമയമെടുക്കാത്ത ഇംഗ്ലീഷിലുള്ള ഒരു അവതരണം അഭിമുഖബോർഡ് മുമ്പാകെ നടത്തേണ്ടതാണ്. അവതരണം മുൻകൂട്ടി തയ്യാറാക്കി പെൻഡ്രൈവിൽ കൊണ്ടുവരേണ്ടതാണ്.
- ബയോഡാറ്റയിൽ, കമ്മ്യൂണിക്കേഷൻ അഡ്രസ്സ്, ഇ-മെയിൽ ഐ.ഡി, ഫോൺ നമ്പർ എന്നിവ നിർബന്ധമായും ഉൾപ്പെടുത്തിയിരിക്കണം. ഇ-മെയിലൂടെയായിരിക്കും കുടുംബശ്രീയിൽ നിന്നും തുടർന്നുള്ള അറിയിപ്പുകൾ നൽകുന്നത്.

**അപേക്ഷകൾ അയയ്ക്കേണ്ട വിലാസം**

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, ട്രിഡ ബിൽഡിംഗ്, ചാലക്കുഴി ലെയിൻ, മെഡിക്കൽ കോളേജ്, തിരുവനന്തപുരം-695011.

**പ്രധാന തീയതികൾ**

- അപേക്ഷ ലഭിക്കേണ്ട അവസാന തീയതി : **30/06/2020 വൈകുന്നേരം 4.00 മണി**
- എഴുത്തുപരീക്ഷയും ഇന്റർവ്യൂവും **01/07/2020 രാവിലെ 10.00 മണി മുതൽ സംസ്ഥാന ദാരിദ്ര്യനിർമ്മാർജ്ജന മിഷൻ ഓഫീസിൽ വച്ച് നടത്തുന്നതാണ്.**

**(ഇന്റർവ്യൂവിനായി പ്രത്യേകം കത്ത് നൽകുന്നതല്ല. തീയതികളിൽ മാറ്റമുള്ള പക്ഷം, ഇ-മെയിലിലൂടെ അറിയിക്കുന്നതാണ്)**

(ഒപ്പ്)
എക്സിക്യൂട്ടീവ് ഡയറക്ടർ
സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ

അംഗീകാരത്തോടെ,

അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ